ഉത്തരം

(എ) യുവജനക്ഷേമ പരിപാടികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ചെലവഴിച്ച തുകയുടെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിപാടികൾ ചുവടെ ചേർക്കുന്നു :

2011-ൽ യുവകർമ്മസേന, മേഖലാപരിശീലന ക്യാമ്പ്, കേരളോത്സവം, ജോബ്ഫെസ്റ്റ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, യൂത്ത് അവാർഡ്, സാമൂഹ്യ ബോധവൽക്കരണ പരിപാടി എന്നിവ സംഘടിപ്പിച്ചു 2012-ൽ ജാഗരൺഭാരത് (നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്), ഗോത്രായനം (നാഷണൽ ട്രൈബൽ ഫെസ്റ്റ്), ജൻഡർ ഫെസ്റ്റ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, വനിതാ ശില്പശാല, വ്യക്തിത്വവികസന പരിപാടി, കേരളോത്സവം എന്നിവ സംഘടിപ്പിച്ചു

2013-ൽ സംരംഭകത്വ വികസന പദ്ധതി, അക്ഷര യുവത്വം, ജാഗരൺഭാരത്, നാടിക, കേരളോത്സവം, സകർമ്മ (യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്) ഗോത്ര താളം, പട്ടികവർഗ്ഗ യുവജനങ്ങൾക്കായി ഭാരത ദർശൻ എന്നിവ സംഘടിപ്പിച്ചു

2014-ൽ ജാഗരൺഭാരത്, ഷോർട്ട് ഫിലിം ഫെസ്റ്റ്, യുവമാധ്യമ ശില്പശാല, പുനർജനി പദ്ധതി എന്നിവ സംഘടിപ്പിച്ചു

യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

364 (704) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ സർവ്വതോൻമുഖമായ വികസനം ലക്ഷ്യമാക്കി യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) യുവജനങ്ങൾക്ക് ജോലി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യുവജനങ്ങൾക്കിടയിൽ സേവന തത്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആസൂത്രണം ചെയ്ത പരിപാടികൾ വിശദമാക്കാമോ ;

(ഡി) യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശില്പശാല, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശില്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായിനി തുടങ്ങിയ പദ്ധതികൾ യുവജനങ്ങളുടെ വികസനത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു.

(ബി) ജോബ് ഫെയർ, വ്യവസായ സംരംഭകത്വ പരിശീലനം, ഡി.റ്റി.പി/പി.എസ്.സി. ഓൺലൈൻ പരിശീലനം, സ്വയംതൊഴിൽ പരിശീലനം തുടങ്ങിയ പദ്ധതികൾ തൊഴിൽരഹിതരായ യുവ ജനങ്ങൾക്ക് ജോലി ലഭിക്കുവാൻ സഹായകരമായി ബോർഡ് സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവദായിനി, പുനർജനി, യുവകർമ്മസേന എന്നീ പദ്ധതികൾ യുവജനങ്ങൾക്കിടയിൽ സേവന തൽപ്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ സംസ്ഥാന എക്സൈസ് വകുപ്പിന്റെയും എൻ.എസ്.എസ്. ന്റെയും സഹകരണത്തോടുകൂടി കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടുനിൽക്കുന്ന പരിപാടിയാണ് സംഘടിപ്പിച്ചത്. പ്രചാരണത്തിന്റെ ഭാഗമായി ലഘുലേഖ വിതരണം, തെരുവുനാടകം, സിനിമാ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു കൂടാതെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത ക്ലബുകൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി ധനസഹായവും നൽകിവരുന്നുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ യുവജന മുന്നേറ്റ പദ്ധതികൾ

365 (705) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly